പതിനാലാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

(2017 മേയ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**വിദ്യാഭ്യാസ മേഖലയിലെ മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം സംബന്ധിച്ചും സർക്കാരിന്റെ വിവിധ മേഖലകളിലെ ഭരണഭാഷാപ്രയോഗപുരോഗതി സംബന്ധിച്ചുമുള്ള റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

## വിദ്യാഭ്യാസ മേഖലയിലെ മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം സംബന്ധിച്ചും സർക്കാരിന്റെ വിവിധ മേഖലകളിലെ ഭരണഭാഷാപ്രയോഗപുരോഗതി സംബന്ധിച്ചുമുള്ള റിപ്പോർട്ട്

987/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2016-2019)

## ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ

<u>അംഗങ്ങൾ</u> :

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. ഡി. കെ. മുരളി

ശ്രീ. യു. ആർ. പ്രദീപ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

# മുഖവുര

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-2019)യുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2017 മേയ് 22-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഇ. എസ്. ബിജിമോൾ,
*അദ്ധ്യക്ഷ,*
*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 22.

# റിപ്പോർട്ട്

ഭാഷയെ മാതാവായും മാതാവിൽ നിന്ന് മുലപ്പാൽ പോലെ കുഞ്ഞുങ്ങളിലേക്ക് ഒഴുകിയെത്തുന്ന സ്നേഹാമൃതമായും കാണുക എന്നത് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട സങ്കല്പമാണ്. വിനിമയത്തിനുള്ള ഉപാധി എന്നതിനേക്കാൾ ആ ഭാഷ സംസാരിക്കുന്നവരുടെ വികാരമാണ് അവരുടെ ഭാഷ. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളായി വിഭജിക്കുന്നതിന് ജീവത്യാഗം വരെ നടത്തിയവർ നമുക്ക് ബോധ്യമാക്കിത്തരുന്നത് ഭാഷയുടെ വൈകാരികതലം തന്നെയാണ്. ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടിട്ട് ആറ് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. ഇതിനിടയിൽ മലയാളം ശ്രേഷ്ഠഭാഷയുടെ പട്ടികയിലും ഇടം കണ്ടെത്തുകയുണ്ടായി. മൂന്ന് കോടിയിലേറെ മലയാളികൾ സംസാരിക്കുന്ന മലയാള ഭാഷ ഇന്ന് ഭരണരംഗത്ത് എവിടെ നിൽക്കുന്നുവെന്ന ആത്മപരിശോധന നടത്തുമ്പോൾ മലയാളികൾക്ക് അവരുടെ ശിരസ്സ് അഭിമാനപൂർവ്വം ഉയർത്തിപ്പിടിക്കാനാവുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

2. ശാസ്ത്രസാങ്കേതിക രംഗത്തെ കുതിച്ചുചാട്ടത്തിന്റെ ഫലമായി ലോകമാകെത്തന്നെ ഒരു ആഗോള ഗ്രാമമായി മാറുന്ന സാഹചര്യത്തിൽ പ്രാദേശിക ഭാഷകളും സംസ്കൃതിയും വൻഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഭാഷ നഷ്ടപ്പെട്ട സമൂഹമായി നാം മാറുന്നുവോ എന്ന ആശങ്ക അസ്ഥാനത്തല്ല എന്നു തെളിയിക്കുന്ന സംഭവങ്ങളാണ് എമ്പാടും കാണുന്നത്. മാതൃഭാഷയിൽ സംസാരിച്ചതിന് പിഴയൊടുക്കേണ്ടിവരുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ഈ ദുരന്തത്തിന്റെ നേർചിത്രങ്ങളാണ്. ഭാഷ നഷ്ടപ്പെടുന്നതിലൂടെ ഒരു സമൂഹത്തിന്റെ സ്വത്വമാണ് നഷ്ടപ്പെട്ടു പോകുന്നത്.

3. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് അറുപത് വർഷക്കാലത്തെ പരിശ്രമങ്ങൾക്ക് ഉദ്ദേശിച്ച ഫലസിദ്ധിയുണ്ടായില്ല എന്ന് വിലയിരുത്തപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഔദ്യോഗികഭാഷയുടെ വ്യാപനത്തിനും പോഷണത്തിനും പുതിയ ദിശാബോധം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽത്തന്നെ ആരംഭിച്ചത്. ഇത് ഏറെ ശ്ലാഘനീയവുമാണ്. സംസ്ഥാനത്തിന്റെ അറുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായിത്തന്നെ ഇതു സംബന്ധിച്ച നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുവെന്നത് ശുഭോദർക്കമാണെന്ന് സമിതി കരുതുന്നു. ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് മുൻസമിതികളും നിരന്തരം ഇടപെടലുകൾ നടത്തുകയും ശിപാർശകൾ സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ള വസ്തുതയും ഇവിടെ പരാമർശിക്കപ്പെടേണ്ടതായിട്ടുണ്ട്.

4. കേരളീയരുടെ മാതൃഭാഷയായ മലയാളം സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികൾ ആദ്യമന്ത്രിസഭയുടെ കാലത്തുതന്നെ ആരംഭിച്ചിരുന്നു. 1965-ലും 1966-ലും വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്

987/2017.

വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. നിയമനിർമ്മാണം വഴി പ്രസ്തുത നിർദ്ദേശങ്ങളുടെ പാലനം ഉറപ്പുവരുത്തുന്നതിന് 1969-ലെ കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണം) ആക്റ്റ് നിലവിൽ വന്നു. 1973-ലെ ഭേദഗതി പ്രകാരം മലയാളവും ഇംഗ്ലീഷും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷകളായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഔദ്യോഗികാവശ്യങ്ങൾക്ക് സംസ്ഥാനത്തെ ഭാഷ മലയാളമോ ഇംഗ്ലീഷോ ആയിരിക്കുമെന്ന് വിജ്ഞാപനം ചെയ്യാനുള്ള അധികാരവും സർക്കാരിൽ നിക്ഷിപ്തമാക്കി. എങ്കിലും അതത് വകുപ്പുകൾ പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്ന രീതി തുടർന്നുവരികയായിരുന്നു. ഓരോ സർക്കാർ വകുപ്പുകളും യഥാസമയം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ സർക്കാർ തന്നെ ഒറ്റ വിജ്ഞാപനത്തിലൂടെ എല്ലാ വകുപ്പുകളിലും ഔദ്യോഗിക ഭാഷ മലയാളമായിരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

5. ഔദ്യോഗിക മേഖലയിലും പഠനരംഗത്തും മലയാള ഭാഷ ഉപയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുക, മലയാള ഭാഷ ഔദ്യോഗിക ഭാഷയായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ വിഷയങ്ങളിൽ വളരെ സമഗ്രമായ ഒരു പഠനം ആവശ്യമാണെന്നും ഭരണഭാഷ സമ്പൂർണ്ണമായി മലയാളമാക്കണമെന്നും 2016 ജൂലൈ 25-ാം തീയതി നിലവിൽ വന്ന 14-ാം കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി വിലയിരുത്തുകയുണ്ടായി.

6. ഇതിന്റെ ഭാഗമായി സമിതി ഉന്നതവിദ്യാഭ്യാസം, റവന്യൂ, ആഭ്യന്തരം, നിയമം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്ന് തെളിവെടുക്കുകയുണ്ടായി. ഒരു ജനതയുടെ ഭാഷയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ മാത്രമേ ഭരണരംഗം സുതാര്യമാക്കുവാനും ഭരണം ജനങ്ങളിലേക്കെത്തിക്കാനും സാധിക്കുകയുള്ളൂ എന്ന കാഴ്ചപ്പാടിന്റെയടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ വകുപ്പും സാധാരണ ജനങ്ങൾ ഏറെ സമീപിക്കുന്ന ജില്ലാ ഭരണകൂടത്തിന്റെ ഭാഗമെന്ന നിലയിൽ റവന്യൂ വകുപ്പും പഠന വിധേയമാക്കിയത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തും എറണാകുളം കളക്ടറേറ്റിലും കണ്ണൂർ സർവ്വകലാശാല ആസ്ഥാനം എന്നിവിടങ്ങളിലും സമിതി യോഗം ചേർന്നു. കോടതി ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര, നിയമ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

7. ഭരണഭാഷാ മാറ്റം ത്വരിതപ്പെടുത്തുന്നതിന്റെ ആദ്യ ചുവടുവയ്പെന്ന നിലയിൽ വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റം വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മാതൃഭാഷയ്ക്ക് ഊന്നൽ കൊടുക്കേണ്ടത് പ്രാഥമിക വിദ്യാഭ്യാസ കാലത്താണെങ്കിലും സ്കൂളുകളിൽ മലയാളം സംസാരിക്കുന്നത് കുറ്റമായി കണ്ട് കുട്ടികൾ ശിക്ഷിക്കപ്പെടുന്ന സംഭവങ്ങളാണ് ഇന്ന് കേരളത്തിൽ കണ്ടു വരുന്നത്. മലയാളം ഒരു പാഠ്യവിഷയമാക്കുന്നതിൽ പല പാഠ്യ പദ്ധതികളും വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല എന്നത് നിസ്സാരമായ

വസ്തുതയാണ്. പാഠ്യ പദ്ധതിയിൽ മലയാളഭാഷയ്ക്ക് പ്രാധാന്യം നൽകി നിലവിലുള്ള ഈ സ്ഥിതിക്ക് മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. ഇംഗ്ലീഷ് ഒന്നാം ഭാഷയും മലയാളം രണ്ടാം ഭാഷയുമായി കണക്കാക്കുന്ന രീതി തന്നെയാണ് ഇന്നും നമ്മുടെ പാഠ്യപദ്ധതിയിൽ അവലംബിച്ച് പോരുന്നത്. ഇപ്രകാരം മാതൃഭാഷ രണ്ടാം ഭാഷയായി തരം താഴ്ത്തപ്പെടുന്ന രീതി തീർച്ചയായും മാറേണ്ടതുണ്ട്. സ്കൂൾ/കോളേജ് തലങ്ങളിൽ മാതൃഭാഷാ പഠനത്തിന് അർഹമായ പ്രാധാന്യം നൽകുന്നതിന് സ്വീകരിക്കേണ്ട അടിയന്തര നടപടിക്രമങ്ങളിലും, ഔദ്യോഗിക ഭാഷാ രംഗത്ത് മാതൃഭാഷയുടെ പുരോഗതി സംബന്ധിച്ച് കാലാനുസൃതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്ന കാര്യത്തിലും പൊതു/ഉന്നത വിദ്യാഭ്യാസ വകുപ്പുകൾക്ക് സുപ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്നും സമിതി കരുതുന്നു.

8. മലയാളം പഠിക്കാതെ തന്നെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാമെന്ന സ്ഥിതി കേരളത്തിലുണ്ടോയെന്നും സംസ്ഥാനത്തെ എയ്ഡഡ്/അൺ എയ്ഡഡ് മേഖലയിലുള്ള എല്ലാ വിദ്യാലയങ്ങളിലും അഞ്ചാം ക്ലാസ് വരെ നിർബന്ധമായും മലയാളം മാത്രം പഠിപ്പിക്കണമെന്നും അഞ്ചാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചാൽ മതിയെന്നുമുള്ള നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെന്നും സമിതി ആരാഞ്ഞു. മലയാളം പഠിക്കാതെ പത്താം ക്ലാസ് പഠനം പൂർത്തിയാക്കാൻ സംസ്ഥാന സിലബസ് അനുസരിച്ച് കഴിയില്ലെന്നും സംസ്ഥാനത്ത് ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ്-റെക്കഗ്നൈസ്ഡ് സ്കൂളുകൾ 12181 എണ്ണമുണ്ടെന്നും കൂടാതെ ഏകദേശം 750-ഓളം അൺറെക്കഗ്നൈസ്ഡ്-അൺഎയ്ഡഡ് സ്കൂളുകളുണ്ടെന്നും ഈ സ്കൂളുകളുടെ കണക്കെടുപ്പിന് ഇതേവരെ ശ്രമിച്ചിട്ടില്ലെന്നും അഞ്ചാം ക്ലാസ് വരെ മലയാളം നിർബന്ധമായി പഠിപ്പിക്കുന്നത് സംബന്ധിച്ച് നിലനില്ക്കുന്ന തടസ്സങ്ങളെപ്പറ്റി ഇതുവരെ വിലയിരുത്തി യിട്ടില്ലെന്നും യോഗത്തിൽ അറിയിച്ചു.

9. ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ള മേഖലകളിലെ തമിഴ്/കന്നഡ മീഡിയം സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുമോയെന്നും രണ്ടാം ഭാഷയായി മലയാളം പഠിപ്പിക്കുന്ന സ്കൂളുകളിൽ അത് പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ടോയെന്നും സമിതി ആരാഞ്ഞു.

10. എയ്ഡഡ് സ്കൂളുകളിൽ നിർബന്ധമായും മലയാളം രണ്ടാം ഭാഷയായി പഠിപ്പിക്കുന്നതിന് നിർദ്ദേശം നൽകാൻ കഴിയുമെന്നും എന്നാൽ അൺ എയ്ഡഡ്-റെക്കഗ്നൈസ്ഡ് സ്കൂളുകളോട് ഒരു പരിധിവരെ മാത്രമേ അങ്ങനെ നിർദ്ദേശിക്കാൻ കഴിയുകയുള്ളുവെന്നും അൺ എയ്ഡഡ്-അൺ റെക്കഗ്നൈസ്ഡ് സ്കൂളുകൾ സംബന്ധിച്ച് ഒരു നിയന്ത്രണവും ഏർപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണെന്നും യോഗത്തിൽ വ്യക്തമാക്കപ്പെട്ടു. സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിക്കുവാൻ വിമുഖത കാട്ടുന്ന അൺ എയ്ഡഡ് അൺ റെക്കഗ്നൈസ്ഡ് സ്കൂളുകളുടെ അംഗീകാരം റദ്ദാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാള പഠനം എത്രത്തോളം നടക്കുന്നുണ്ടെന്നും ആയത് പരിശോധിച്ചറിയുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മലയാളം ഒരു വിഷയമായി പഠിപ്പിക്കാമെന്ന വ്യവസ്ഥയിലാണ് ഓരോ വർഷവും സർക്കാർ ഈ സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതെന്നും എന്നാൽ ആയത് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ലെന്നും വ്യക്തമാക്കപ്പെട്ടു.

12. മലയാളം സംസാരിച്ചാൽ കുട്ടികളിൽ നിന്നും പിഴ ഈടാക്കുന്ന ചില സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുവെന്ന വാർത്ത അത്യന്തം ലജ്ജാകരമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഇത്തരം സ്കൂളുകളിൽ അറബി/സംസ്കൃതം/സുറിയാനി എന്നീ ഭാഷകളിൽ നിർബന്ധപൂർവ്വം മതബോധന ക്ലാസ്സുകൾ നടത്തുന്നു എന്ന വസ്തുതയും മനസ്സിലാക്കുന്നു.

13. സംസ്ഥാനത്ത് വിവിധതരം പാഠ്യപദ്ധതികൾ അനുവർത്തിക്കുന്ന സ്കൂളുകൾ നിലവിലുണ്ടെന്നും സർക്കാരിന്റെ നിയന്ത്രണമില്ലാതെ നടത്തപ്പെടുന്ന പ്രസ്തുത സ്കൂളുകളിലെ പാഠ്യപദ്ധതികൾ സംബന്ധിച്ചോ, മാതൃഭാഷാപഠനം സംബന്ധിച്ചോ സർക്കാരിന് യാതൊരു അറിവോ ധാരണയോ ഇല്ലെന്നും സമിതി മനസ്സിലാക്കുന്നു. വിവിധ തരത്തിലുള്ള പാഠ്യപദ്ധതികൾ അനുവർത്തിക്കുന്ന സ്കൂളുകൾ തഴച്ചുവളരുന്നതും, അവ സംബന്ധിച്ച് കൃത്യമായ കണക്ക് പോലും സർക്കാരിന് ഇല്ലാത്തതും ഇവിടങ്ങളിലെ പാഠ്യപദ്ധതികളും പ്രത്യേകിച്ചും മാതൃഭാഷാ പഠനവും പ്രസ്തുത സ്കൂളുകളുടെ ഇഷ്ടാനുസരണം നടത്തുന്നതിന് കാരണമാകുന്നുവെന്നും ഇത് മലയാള ഭാഷാ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സ്കൂളുകളിലെയും പാഠ്യപദ്ധതികളും മാതൃഭാഷാ പഠനവും ഭാഷയുടെ വളർച്ചയ്ക്കും വ്യാപനത്തിനും എത്രത്തോളം പ്രയോജനകരമാണ് എന്ന് തിരിച്ചറിയേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നും സമിതിക്ക് അഭിപ്രായമുണ്ട്. ഇംഗ്ലീഷ് ബോധനമാദ്ധ്യമമാക്കിയിട്ടുള്ള വിദ്യാലയങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികളും മലയാളം ബോധനമാദ്ധ്യമമായുള്ള വിദ്യാലയങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്നവരും തമ്മിലുള്ള വേർതിരിവ് സമൂഹത്തിൽ പലതരം പൗരന്മാരെ സൃഷ്ടിക്കുന്നതിനും അസമത്വം വളരുന്നതിന് ഇടയാക്കിയിട്ടുണ്ടെന്നും സമിതി കരുതുന്നു.

14. നിലവിലുള്ള മലയാള ഭാഷാ പഠന പദ്ധതികൾ മലയാള ഭാഷയെ തികച്ചും ആശയവിനിമയത്തിനുള്ള ഒരു ഉപാധിയായി മാത്രം കാണുന്നുവോ എന്ന് സമിതി സംശയിക്കുന്നു. മലയാള സാഹിത്യത്തിലെ മഹാകാവ്യങ്ങളുടെയും കവിതകളുടെയും ഭാഷാ സൗന്ദര്യവും ഭാവുകത്വവും ഉൾക്കൊള്ളുവാൻ ഈ പാഠ്യശൈലി പഠിതാക്കളെ അശക്തരാക്കുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ നിലവിലെ മാതൃഭാഷാ പഠനത്തിൽ മാറ്റം

വരുത്തേണ്ടത് സംബന്ധിച്ച് മലയാള ഭാഷാ വിദഗ്ധർ, സാഹിത്യകാരന്മാർ, വിദ്യാഭ്യാസ വിചക്ഷണർ എന്നിവരുൾപ്പെട്ട ഒരു സമിതിയെ നിയോഗിച്ച് പഠനം നടത്തി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തമിഴ്/കന്നട മീഡിയം സ്കൂളുകളിൽ ഇപ്പോൾ രണ്ടാം ഭാഷയായി മലയാളം പഠിപ്പിക്കുന്നുണ്ടെന്ന് പറയപ്പെടുന്നുവെങ്കിലും ആയത് പരിശോധിക്കുന്നതിന് കൃത്യമായ സംവിധാനങ്ങളില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം സ്കൂളുകളിൽ മലയാളഭാഷ ഒരു വിഷയമായിത്തന്നെ പഠിപ്പിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്. ആയത് കാലാകാലങ്ങളിൽ നിരീക്ഷിക്കുന്നതിനും, നടപ്പാക്കാത്ത സ്കൂളുകളുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശം നിലനിർത്തിക്കൊണ്ടും താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്കൂളുകളിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കുട്ടികളും പഠിതാക്കളായുണ്ട്. അവർക്കൊഴികെ മറ്റെല്ലാ കുട്ടികളെയും മലയാളം ഒരു വിഷയമായിത്തന്നെ നിർബന്ധമായി പഠിപ്പിക്കുന്നതിനും ആയത് നിരീക്ഷിക്കുന്നതിനും അല്ലാത്തപക്ഷം അവരുടെ പേരിൽ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനും സമിതി നിർദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ടി സ്കൂളുകളുടെ ഉന്നതാധികാര സമിതികളുമായും കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയവുമായും ചർച്ചചെയ്ത് വ്യക്തവും കൃത്യവുമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തണമെന്നും ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ സംസ്ഥാന സർക്കാർ ഇത്തരം സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

17. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് രക്ഷിതാക്കൾക്കും മറ്റും വല്ലാത്ത പ്രതിപത്തിയുള്ളതുകൊണ്ട് കുട്ടികളെ അവിടങ്ങളിൽ പഠിപ്പിക്കുന്നുവെങ്കിലും മുൻകാലങ്ങളിലെന്നപോലെ പ്രതിഭകളെ സൃഷ്ടിക്കുന്നതിൽ ടി സ്കൂളുകൾ പരാജയപ്പെടുന്നുണ്ടോയെന്ന് സമിതി ആരായുകയുണ്ടായി. അത്തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടില്ലെന്നും ലോകത്തെവിടെയും ജോലിചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിന് സാധിക്കുമെന്ന വിശ്വാസമാകാം ആളുകളെ അതിന് പ്രേരിപ്പിക്കുന്നതെന്നും യോഗത്തിൽ ഉദ്യോഗസ്ഥർ വ്യക്തമാക്കി.

18. ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് സമിതിക്ക് എതിരഭിപ്രായമില്ലെന്നും എന്നാൽ മലയാളഭാഷ, വിനിമയത്തിന് മാത്രമായി ചുരുങ്ങിപ്പോകുന്നുവെന്നും മൊബൈൽ ഫോണുകളുടെയും കംപ്യൂട്ടറുകളുടെയും ആവിർഭാവത്തോടെ മലയാളം, ഇംഗ്ലീഷ് ഭാഷയിൽ എഴുതാൻ കഴിയുന്നതിനാൽ മലയാള ഭാഷാ ലിപിയും എഴുത്തും അന്യം നിന്നുപോകാൻ

സാദ്ധ്യതയുണ്ടെന്നും വരുംകാലത്ത് മലയാള സാഹിത്യഗ്രന്ഥങ്ങൾ ഇംഗ്ലീഷിലാക്കിയാലേ വായനക്കാരെ ലഭ്യമാകൂ എന്ന സ്ഥിതിവിശേഷം സംജാതമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

19. ദൈനംദിന ജീവിതത്തിൽ സാധാരണയായി ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദങ്ങൾക്ക് പകരം തമിഴ് പദങ്ങൾ തന്നെ പരമാവധി ഉപയോഗിക്കുന്ന തമിഴരുടെ ശൈലി മലയാളികളും അവരവരുടെ ഭാഷ കൈകാര്യം ചെയ്യുന്നതിൽ അനുവർത്തിക്കാത്തത് എന്ത് എന്ന സമിതിയുടെ ചോദ്യത്തിന് മുൻകാലങ്ങളിൽ പുതിയ അന്യഭാഷാ പദങ്ങൾ മലയാളത്തിലേക്ക് കൊണ്ടുവന്നപ്പോൾ അതിന് കൃത്യമായ മലയാള പദമില്ലെങ്കിൽ സംസ്കൃത പദങ്ങൾ സ്വീകരിക്കുന്ന പ്രവണത ഉണ്ടായിരുന്നുവെന്നും അന്യഭാഷാ പദത്തിന് കൃത്യമായ മലയാള പദമില്ലെങ്കിൽ അത് മലയാള ലിപിയിൽ എഴുതിയാൽ മതിയാവുമെന്നും ചില അന്യഭാഷാ പദങ്ങളെ മലയാളത്തിലേക്ക് മാറ്റം വരുത്തി സ്വീകരിച്ചിട്ടുണ്ടെന്നും അങ്ങനെ തനത് പദമുണ്ടെങ്കിൽ അതുപയോഗിക്കുക, അന്യഭാഷാ പദത്തിന് കൃത്യമായ മലയാള പദം ഇല്ലെങ്കിൽ അത് മലയാള ലിപിയിൽ എഴുതുക (തൽസമം), മാറ്റം വരുത്തിയ പദങ്ങളാണെങ്കിൽ അവ അങ്ങനെ ഉപയോഗിക്കുക (തൽഭവം) എന്നീ മൂന്നു രീതിയാണ് ഭരണരംഗത്തെ ഭാഷാ പദങ്ങൾക്കായി ഉപയോഗിക്കുന്നതെന്നും ഏതൊരു ഭാഷയും വളരുന്നത്, കൊണ്ടും കൊടുത്തുമാണ് എന്നുമുള്ള സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഡോ. വി. ആർ. പ്രബോധ ചന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിലുള്ള സമിതി ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടതെന്നും ഔദ്യോഗിക ഭാഷാ വകുപ്പിലെ ഭാഷാ വിദഗ്ധൻ സമിതിയെ ധരിപ്പിച്ചു.

20. ഒരു ശരാശരി മലയാളിക്ക് ഒരു കുഞ്ഞ് ജനിച്ചു കഴിഞ്ഞാൽ അവൻ/അവൾ മലയാള വാമൊഴി നുണഞ്ഞ് പിച്ച വെയ്ക്കുമ്പോഴേയ്ക്കും അവനെ/അവളെ ഇംഗ്ലീഷ് ഭാഷാ പഠനത്തിലേയ്ക്ക് തള്ളിവിടുന്ന കാഴ്ചയാണ് പൊതുവെ സമൂഹത്തിൽ കാണാൻ കഴിയുന്നത്. വീട്ടിൽ നിന്നും കേൾക്കുന്ന താരാട്ടും, കഥകളും, നുറുങ്ങ് കവിതകളും മലയാളത്തിലായതിനാൽ കുട്ടിയുടെ സർഗ്ഗപരമായ വികാസത്തിനും, കാര്യഗ്രഹണശേഷിയാർജ്ജിക്കുന്നതിനും, വിജ്ഞാന സമ്പാദനത്തിനും, സർവ്വോപരി സാമൂഹിക വികാസത്തിനും മാതൃഭാഷ തന്നെയാണ് ഉത്തമമെന്ന് പല ഭാഷാ ശാസ്ത്രജ്ഞരും അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ എഴുതുന്നതിനുപോലും മലയാള ഭാഷയെ അംഗീകരിച്ചിട്ടുള്ളതിനാൽ പലരും മലയാള ഭാഷയിൽ പരീക്ഷ എഴുതി സിവിൽ സർവ്വീസിലേക്ക് കടന്നുവരുന്ന ഒരു കാലഘട്ടത്തിൽ മലയാള ഭാഷയെ ഒഴിവാക്കി ഇംഗ്ലീഷ് മാത്രമായി പഠിപ്പിക്കുന്ന രീതി കേരളത്തിലെ സ്കൂളുകളിൽ അവലംബിക്കുന്നത് ശരിയല്ലെന്ന് സമിതി നിരീക്ഷിക്കുന്നു.

21. സംസ്ഥാനത്ത് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ പത്താംക്ലാസ്/പ്ലസ്ടു തലംവരെ നിർബന്ധമായും മലയാളം പഠിച്ചിരിക്കണമെന്ന കെ.എസ്. & എസ്.എസ്.ആർ.

ഭേദഗതി നടപ്പിൽ വരുത്താത്തതിൽ സമിതി ആശ്ചര്യം പ്രകടിപ്പിക്കുന്നു. പ്ലസ്ടു തലം വരെ നിർബന്ധമായും മലയാളം പഠിച്ചിരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി കരുതുന്നു ആയതിനാൽ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും രണ്ടാം ഭാഷയായെങ്കിലും മലയാളം നിർബന്ധമായും പഠിപ്പിക്കുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെ ആവശ്യമായ നടപടികൾ നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക നിലവാരം ഉയർത്തുകയും അദ്ധ്യാപകരുടെ പ്രതിബദ്ധത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ടെന്നും ഇതിന്റെ ഭാഗമായി കുട്ടികൾ എന്തു പഠിക്കണമെന്ന് നേരത്തെ തീരുമാനിക്കപ്പെടുകയും പിന്നീട് അവരത് പഠിച്ചിട്ടുണ്ടോയെന്ന് നിരീക്ഷിച്ച് കുറവുനികത്തുന്നതിനാവശ്യമായ പരിഹാരങ്ങൾ കാണുകയും ചെയ്യുന്നുണ്ടെന്നുള്ളത് ചാരിതാർത്ഥ്യജനകമായ വസ്തുതയാണ്. വരും വർഷങ്ങളിൽ മലയാള ഭാഷയോട് ഭാവനാത്മകമായ ഒരു ബന്ധം ഉണ്ടാക്കിയെടുക്കാനുള്ള ശ്രമവുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്നതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തുന്നു.

23. വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതിയിൽ, ഇതുവരെ വന്നിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് ഒരു പുസ്തകവും ഒരു നിഘണ്ടുവും തയ്യാറാക്കുന്നുണ്ടെന്നും കുറിപ്പുകൾ കടലാസ്സിൽ മലയാളത്തിലെഴുതി കമ്പ്യൂട്ടറിൽ അത് പ്രദർശിപ്പിച്ച് അപ്‌ലോഡ് ചെയ്യുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയർ ഇപ്പോൾ എൻ.ഐ.സി.-യുമായി ചേർന്ന് തയ്യാറാക്കി വരികയാണെന്നും അതു വന്നുകഴിഞ്ഞാൽ ഫയൽ നടപടിക്രമങ്ങളിൽ വളരെ വേഗം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നും യോഗത്തിൽ വ്യക്തമാക്കപ്പെട്ടു.

24. ഭാഷാ മാറ്റത്തിന് "26-ഭരണഭാഷാ പ്രയോഗം" എന്ന പേരിൽ ഒരു പ്രത്യേക ബഡ്ജറ്റ് ശീർഷകം ഉണ്ടാക്കി എല്ലാ വകുപ്പുകൾക്കും തുകയനുവദിച്ചിട്ടും പല വകുപ്പുകളും ആയത് ചെലവാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് ശീർഷകത്തിൽതന്നെ നിശ്ചിത ശതമാനം തുക ഭരണഭാഷാ മാറ്റത്തിനുതകുന്ന പരിപാടികൾക്കായി നീക്കിവയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നപക്ഷം വകുപ്പ് തലവന്മാർ ഇക്കാര്യത്തിൽ കുറേക്കൂടി ജാഗരൂകരാകുമെന്നും ടി തുക ചെലവാക്കാത്തതിന്റെ ഉത്തരവാദിത്വം നിർണ്ണയിക്കാനും സാധിക്കുന്നതാണ് എന്നും സമിതി നിരീക്ഷിക്കുന്നു. നിലവിലുള്ള ശീർഷകത്തിൽനിന്നും തുക ചെലവാക്കാത്ത വകുപ്പുകൾക്ക് തൊട്ടടുത്ത വർഷം ധനവകുപ്പ് തുക അനുവദിക്കാറില്ലെന്നും സമിതിക്ക് കണ്ടെത്തുവാൻ കഴിഞ്ഞു. ഇത് ഒരു സൗകര്യമായി കരുതി ഭരണഭാഷാ പ്രയോഗപദ്ധതികൾ നടപ്പിലാക്കാൻ ചില വകുപ്പുതലവന്മാരെങ്കിലും അമാന്തം കാട്ടും എന്നതിനാൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ വകുപ്പിനും അവരുടെ ശീർഷകത്തിൽ തന്നെ ഒരു നിശ്ചിത ശതമാനം തുക

ഭരണ ഭാഷാ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കണമെന്നും അതത് വർഷം പ്രസ്തുത തുക ചെലവാക്കാത്ത വകുപ്പ് തലവൻമാർ ഇതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടി വരുമെന്നും അവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമെന്നും ഒരു പരിപത്രം മുഖേന ധനവകുപ്പ് മറ്റു വകുപ്പുകളെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. സംസ്ഥാനത്ത് നടത്തുന്ന പി.എസ്.സി. പരീക്ഷകളിൽ ഉദ്യോഗാർത്ഥികളുടെ മലയാള ഭാഷാ പരിജ്ഞാനം കൂടി പരിശോധിക്കുന്നത് പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന് കാലതാമസം ഉണ്ടാക്കുമെന്നും നിലവിൽ ഒ.എം.ആർ. രീതിയിലുള്ള ചോദ്യങ്ങൾ ആയതിനാൽ മൂല്യനിർണ്ണയം വേഗത്തിലാണെന്നുമുള്ള പി.എസ്.സി.-യുടെ വാദഗതിയോട് സമിതി വിയോജിപ്പ് രേഖപ്പെടുത്തുന്നു. സിവിൽ സർവ്വീസ് പരീക്ഷകളിൽപോലും മാതൃഭാഷയിലുള്ള പേപ്പർ നിർബന്ധമാണെന്നും ആയത് ജയിക്കാത്തവരുടെ മറ്റു പേപ്പറുകൾ വിലയിരുത്താറില്ലെന്നും കണ്ടെത്തിയ സമിതി, എല്ലാ പി.എസ്.സി., പരീക്ഷകൾക്കും ഉദ്യോഗാർത്ഥിയുടെ മലയാള ഭാഷാ പരിജ്ഞാനം അളക്കുന്നതിന് ഒ.എം.ആർ. അല്ലാത്ത ഒരു പേപ്പർ നിർബന്ധമാക്കണമെന്നും ടി പേപ്പറിന് നിശ്ചിത മാർക്ക് ലഭിക്കാത്തവരുടെ ഒ.എം.ആർ. ഷീറ്റ് വിലയിരുത്തേണ്ടതില്ലെന്നും ഇതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. പി.എസ്.സി. പരീക്ഷകളിൽ ഇപ്പോൾ 10 മാർക്കിനുള്ള ചോദ്യങ്ങൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിലെ പ്രാവീണ്യം അളക്കുന്നതിനുതകുന്ന വിധത്തിൽ പരീക്ഷയുടെ ഒരു ഭാഗം മലയാളത്തിൽ എഴുതുന്നത് നിർബന്ധമാക്കുന്നതിന് പി.എസ്.സി.-യോട് നിർദ്ദേശിക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. മലയാളം പഠിക്കാതെ സംസ്ഥാന സർവ്വീസിൽ വരുന്നവർക്ക് അവരുടെ നിരീക്ഷണ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പ്ലസ്സ് തലത്തിലുള്ള മലയാള തുല്യതാ പരീക്ഷ പാസ്സായാൽ മതി എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഇതു മലയാള പഠനത്തെയും ഔദ്യോഗിക രംഗത്തുള്ള മലയാളഭാഷാ പ്രയോഗത്തെയും സാരമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുകയും മലയാളം പഠിച്ചിട്ടില്ലാത്തവർ ജോലിയ്ക്കായി പി.എസ്.സി.-യിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് മലയാളം തുല്യതാ പരീക്ഷ നിർബന്ധമായും പാസ്സാകേണ്ടതാണെന്നും അല്ലാത്തപക്ഷം അവർക്ക് പരീക്ഷയ്ക്കിരിക്കാൻ അർഹതയുണ്ടാവില്ലെന്ന് അവരെ അറിയിക്കേണ്ടതും പി.എസ്.സി.-യുടെ അപേക്ഷകളിൽ അതിനനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പി.എസ്.സി. വഴിയല്ലാത്ത സ്ഥിരം/താൽക്കാലിക നിയമനങ്ങളിൽ മലയാളം തുല്യതാ പരീക്ഷ പാസായവരെ മാത്രം നിയമിക്കാവൂ എന്ന നിബന്ധന നിഷ്കർഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. കുട്ടികൾ മലയാള ഭാഷ മാത്രം പഠിച്ചാൽ മതിയെന്ന നിലപാട് സമിതിയ്ക്കില്ലെന്നും സ്റ്റേറ്റ് സിലബസ്സിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രാധാന്യം നൽകിക്കൊണ്ട് പാഠ്യപദ്ധതി പരിഷ്കരിക്കുന്നപക്ഷം കൂടുതൽ കുട്ടികൾ സ്റ്റേറ്റ് സിലബസിൽ പഠിക്കാൻ സന്നദ്ധരാകുമെന്നും മലയാളത്തോടൊപ്പം ഇംഗ്ലീഷും ഹിന്ദിയും നന്നായി പഠിക്കുന്ന സാഹചര്യമുണ്ടാവേണ്ടതാണെന്നും മലയാള ഭാഷയെ ഒഴിവാക്കി മറ്റു ഭാഷകൾ പഠിക്കുമ്പോഴാണ് ആശങ്കയുണ്ടാവുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു

30. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി കൈവന്ന സാഹചര്യത്തിൽ സർവ്വകലാശാലകളിൽ ഭാഷാ പുരോഗതിയ്ക്കായി ഫണ്ടനുവദിച്ച് ഉദ്യോഗസ്ഥ ദൗർലഭ്യം ഉള്ളിടത്ത് വിരമിച്ച വിദഗ്ധരെ ഒരു നിശ്ചിത കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് സർവ്വകലാശാലകൾക്ക് അനുവാദം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ ലോകത്ത് കൂടുതലും ഇംഗ്ലീഷിലാണ് വിനിമയം ചെയ്യപ്പെടുന്നത്. എന്നാൽ ചൈന, ജർമ്മനി എന്നീ രാജ്യങ്ങളിൽ അവരുടെ ഭാഷകളിൽ തന്നെ ശാസ്ത്ര പഠനം നടക്കുന്നുവെന്നും ആയതിൽ അവർ മറ്റു രാജ്യങ്ങൾക്ക് പിന്നിൽ നിൽക്കേണ്ടി വന്നിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇംഗ്ലീഷിൽ പ്രാവീണ്യം കുറഞ്ഞ, എന്നാൽ ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ അഭിരുചിയുള്ള നമ്മുടെ കുട്ടികൾക്ക് പരീക്ഷകൾ മലയാളത്തിൽകൂടി എഴുതാൻ കഴിഞ്ഞാൽ അവർക്ക് അത് കൂടുതൽ ആശ്വാസമാകുമെന്നും അതിനാൽ പരീക്ഷകൾ മലയാളത്തിൽ കൂടി എഴുതാൻ അവസരം നൽകുന്നതിന്റെ സാധ്യത/പ്രായോഗികത കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല വിലയിരുത്തി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. എം.ജി. സർവ്വകലാശാലയിലെ 16 വിഭാഗങ്ങളിൽ മാത്രമാണ് ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നത് എന്ന് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. ബാക്കി വിഭാഗങ്ങളിലും ഫയലുകൾ മലയാളത്തിലേയ്ക്ക് മാറ്റാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച് അടിയന്തര തീരുമാനം കൈക്കൊണ്ട് നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

33. സമിതിയുടെ ചോദ്യാവലിക്ക് എം.ജി. സർവ്വകലാശാല നൽകിയ മറുപടി കൃത്യതയില്ലാത്തതും നിരുത്തരവാദപരവും അവഹേളനാപരവുമാണെന്ന് സമിതി

കണ്ടെത്തുകയുണ്ടായി. സർവ്വകലാശാല അധികൃതരുടെ സമീപനത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ഈ പ്രവണത മേലിൽ ആവർത്തിക്കരുതെന്നും തുടർനടപടികൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകരുതെന്നും സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.

34. കോഴിക്കോട് സർവ്വകലാശാലയിൽ ഫയലുകൾ മലയാളത്തിലാക്കുന്നത് സംബന്ധിച്ചും ബിരുദ/ബിരുദാനന്തര പരീക്ഷകൾ മലയാളത്തിൽ എഴുതുവാൻ അനുവദിക്കുന്നതു സംബന്ധിച്ചും ഭരണ റിപ്പോർട്ട് മലയാളത്തിലാക്കുന്നതു സംബന്ധിച്ചും അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സർവ്വകലാശാല പ്രസിദ്ധീകരണങ്ങൾ മലയാളത്തിൽക്കൂടി പ്രസിദ്ധീകരിക്കുന്നതിനും നല്ല മലയാളം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും ഭാഷാ മാറ്റ പുരോഗതിയുമായി സ്വീകരിച്ച നടപടികൾ യഥാസമയം സമിതിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

35. കേരളത്തിലെ വളരെ പഴക്കമേറിയതും പ്രഥമ സർവ്വകലാശാലയുമായ കേരള സർവ്വകലാശാലയിൽ ഔദ്യോഗിക തലത്തിൽ മലയാള ഭാഷാമാറ്റത്തിനുള്ള പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണെന്ന് സമിതി കണ്ടെത്തുകയും ശ്രേഷ്ഠ ഭാഷാ പദവി മലയാളത്തിന് കൈവന്ന സാഹചര്യത്തിൽ മലയാള ഭാഷാ പുരോഗതിക്കായി സർവ്വകലാശാലയ്ക്ക് ഒട്ടേറെ ചെയ്യാനുണ്ടെന്നും ഫയലുകൾ മലയാളത്തിലാക്കുന്നതു സംബന്ധിച്ചും പ്രസ്തുത വിഷയത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയും നടപടികൾ സ്വീകരിച്ച് പുരോഗതി സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

36. കണ്ണൂർ സർവ്വകലാശാലയിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതുതന്നെ സമിതിയുടെ സന്ദർശന സമയത്തായിരുന്നു. മലയാളത്തിലെ പ്രശസ്തനായ ഒരു എഴുത്തുകാരനെക്കൊണ്ട് ഭാഷാ പ്രഖ്യാപനം നടത്തിയെങ്കിലും 2017 ജനുവരി 1 മുതൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതു സംബന്ധിച്ച് കണ്ണൂർ സർവ്വകലാശാല മുന്നൊരുക്കങ്ങളോ തയ്യാറെടുപ്പുകളോ നടത്തിയിട്ടില്ലെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട പ്രഖ്യാപനം വെറും കടലാസിൽ ഒതുങ്ങുമോയെന്ന് സമിതി ആശങ്കപ്പെടുകയും ചെയ്യുന്നു.

37. കണ്ണൂർ സർവ്വകലാശാലയിൽ മലയാള ഭാഷാപ്രയോഗം നടപ്പിൽ വരുത്തുന്നതിനായി ഒരു നോഡൽ ആഫീസറെ നിയമിച്ച് കർമ്മ പരിപാടി ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. ജീവനക്കാർക്കായി ഒരു ശില്പശാല സംഘടിപ്പിച്ച് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പ്രാവർത്തികമാക്കുന്നതിന് ഒരു രൂപരേഖയുണ്ടാക്കുകയും ഒരു പരിഭാഷാ സെൽ

രൂപീകരിച്ച് യൂണിവേഴ്സിറ്റി ആക്ട് പരിഭാഷപ്പെടുത്തി നിയമ വകുപ്പിന്റെ അംഗീകാരം തേടേണ്ടതും മാന്വൽ, സ്റ്റാറ്റ്യൂട്ട്, റെഗുലേഷനുകൾ എന്നിവ പരിഭാഷപ്പെടുത്തി ഉദ്യോഗസ്ഥ ഭരണ (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ അംഗീകാരം തേടേണ്ടതും ഇവ ഉൾക്കൊള്ളിച്ച് സർവ്വകലാശാലയുടെ വെബ്സൈറ്റ് വിപുലീകരിക്കേണ്ടതും ജീവനക്കാർക്ക് മതിയായ കമ്പ്യൂട്ടർ പരിശീലനം നൽകേണ്ടതുമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ മേൽ വിവരിച്ച നടപടികൾ അടിയന്തരമായി നടപ്പിലാക്കണമെന്നും ഫയൽ മാറ്റ പുരോഗതി സംബന്ധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

38. അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കേരള സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് ഭാഷാ പുരോഗതിയ്ക്കായും, ഭാഷാ തനിമ വീണ്ടെടുക്കുന്നതിനും അതുവഴി സാംസ്കാരികോന്നമനത്തിനുമായി നവംനവങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാത്രമല്ല മലയാളം പഠിച്ചിട്ടില്ലാത്തവർക്ക് മലയാളം തുല്യതാ കോഴ്സുകൾ നടത്തേണ്ടതും അവിടെ നാമമാത്രമായ വേതനത്തിൽ ജോലി ചെയ്യുന്ന ത്യാഗമനസ്കരായ പ്രേരക്മാരുടെ ശമ്പളം അടിയന്തരമായി വർദ്ധിപ്പിച്ച് നൽകേണ്ടതുമുണ്ടെന്നും സമിതി കരുതുന്നു. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മതിയായ ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. ഭരണഭാഷ മാതൃഭാഷയാക്കിപ്പോൾ ഓഫീസ് നിർവ്വഹണം നടത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാർ, ഇതര ഭാഷകൾ വഴി ഔപചാരിക വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്നവർ, മലയാള ഭാഷയിലെ കലാസാഹിത്യ സൃഷ്ടികൾ ആസ്വദിക്കുവാനും വിലയിരുത്തുവാനും ആഗ്രഹിക്കുന്നവർ തുടങ്ങിയവരെ ലക്ഷ്യം വച്ച് കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി ആവിഷ്കരിച്ച "പച്ചമലയാളം " സർട്ടിഫിക്കറ്റ് കോഴ്സ് ഒരു അനുഗ്രഹമായിരിക്കും എന്ന് സമിതി കരുതുന്നു. ആയതിനാൽ ടി പദ്ധതി നടത്തിപ്പിന് ഫണ്ട് അനുവദിക്കുന്നതുൾപ്പെടെ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. ആദിവാസികളുടെ ഭാഷ അന്യംനിന്നു പോകാതെ അവരെ അതേ ഭാഷയിൽ തന്നെ പഠിപ്പിക്കുന്നതിനാൽ അവരുടെ സ്വത്വബോധത്തെ ഉയർത്തുന്നതിന് മഹിളാ സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ടെന്ന് സമിതി വിലയിരുത്തുകയും ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കി, വൈവിധ്യമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും ആദിവാസി സമൂഹം അധിവസിക്കുന്ന ജില്ലകളിൽ കൂടുതൽ ആഫീസുകൾ തുറക്കണമെന്നും പ്രസ്തുത സൊസൈറ്റിയിൽ പ്രവർത്തിക്കുന്ന സേവിനിമാർക്ക് ശമ്പളം വർദ്ധിപ്പിക്കണമെന്നും ഇതിനായി പട്ടികവർഗ്ഗ വികസന ഫണ്ടിൽ നിന്നും പണം അനുവദിച്ച് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഭാഷാപഠനവും ശാസ്ത്രപഠനവും വളരെ എളുപ്പമാകത്തക്കവിധത്തിലും അവർക്ക് ഭാഷയോട് ആഭിമുഖ്യവും താത്പര്യവും ഉണ്ടാകത്തക്കവിധത്തിലും ഡിജിറ്റൽ പഠനോപാധികൾ ഐ.ടി. @ സ്കൂളിന്റെ നേതൃത്വത്തിൽ തയ്യാറാക്കി നൽകുന്നതിന് ഔദ്യോഗിക ഭാഷാ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രൈമറി ക്ലാസ്സ് തലത്തിൽ കുട്ടികളെ മലയാള അക്കങ്ങൾ കൂടി പഠിപ്പിക്കുന്നതിന് പാഠ്യപദ്ധതിയിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. പൊതുവിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട സെക്രട്ടേറിയറ്റിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, കൈകാര്യം ചെയ്യുന്ന ഫയലുകൾ എല്ലാം മലയാളത്തിലാക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ ഭരണഭാഷാമാറ്റ പുരോഗതി വെറും 5% മാത്രമാണ് എന്നതിൽ സമിതി കടുത്ത ഉൽക്കണ്ഠ രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ മനോഭാവം അടിസ്ഥാനപരമായി മാറ്റേണ്ടതാണെന്നും ഭരണ ഭാഷാ പുരോഗതി സംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിച്ച് പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

43. കേരളത്തിലെ നിയമപഠനത്തിൽ മലയാളം ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പല കോളേജുകൾക്കും ഭിന്നാഭിപ്രായങ്ങളാണെന്നും മറ്റു സംസ്ഥാനങ്ങളിൽ നിയമപഠനം നടത്തുന്നവർക്ക് അവിടുത്തെ ഭാഷാപരീക്ഷ പാസ്സായാൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കു എന്നതിനാൽ നമ്മുടെ സംസ്ഥാനത്തും അത് പ്രാവർത്തികമാക്കാവുന്നതാണെന്നും ബാർ കൗൺസിലുമായി ആലോചിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുവെന്ന വാദം ബാലിശമാണെന്നും ഇത് പരിശോധിച്ച് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

44. പത്താം തരം വരെ മലയാളം ബോധന മാധ്യമമായി പഠിച്ച് വരുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലത്തിൽ ബോധന മാധ്യമം ഇംഗ്ലീഷിലേക്ക് മാറുന്ന രീതി വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്രത്യേകിച്ച് സയൻസ് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾക്കുള്ള ഇംഗ്ലീഷ് തർജ്ജമ ഗ്രഹിക്കുന്നതിന് വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രതിബന്ധം നേരിടേണ്ടി വരുന്നുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഹയർ സെക്കന്ററി തലത്തിലുള്ള പാഠപുസ്തകങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ആന്ധ്രാപ്രദേശ്, ആസ്സാം, ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട്, പശ്ചിമ ബംഗാൾ, ഒഡീഷ, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്ക് 2017-ലെ നാഷണൽ എൻട്രൻസ് കം എലിജിബിലിറ്റി ടെസ്റ്റ് (നീറ്റ്) ചോദ്യക്കടലാസ് അവരുടെ മാതൃഭാഷയിൽകൂടി ലഭ്യമായപ്പോൾ പ്രസ്തുത പരീക്ഷയിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് മലയാളത്തിൽ ചോദ്യക്കടലാസ് ലഭ്യമാക്കുന്നതിനുള്ള അവസരം നഷ്ടപ്പെട്ടു എന്ന വസ്തുത സമിതി അതീവ ഗൗരവമായി കാണുന്നു.

46. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് ഇംഗ്ലീഷിലുള്ള ചോദ്യപേപ്പറുകളാണ് നിലവിൽ കേരളത്തിൽ നൽകി വരുന്നത്. എന്നാൽ പ്രസ്തുത പരീക്ഷകൾക്കായി മറ്റ് സംസ്ഥാനങ്ങളിൽ അവരുടെ മാതൃഭാഷയിലുംകൂടി ചോദ്യപേപ്പർ ലഭ്യമാക്കി വന്നിരുന്നതിനാൽ നീറ്റ്-2017-ൽ മറ്റ് സംസ്ഥാനങ്ങളുടെ മാതൃഭാഷകളും കൂടി ഉൾപ്പെടുത്തുന്നതിൽ യാതൊരു പ്രതിബന്ധവും നേരിടേണ്ടി വന്നിരുന്നില്ല എന്ന് സമിതി വിലയിരുത്തി.

47. നീറ്റ്-2016-ൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾക്ക് പുറമെ തെലുങ്ക്, ഗുജറാത്തി, മറാത്തി, തമിഴ്, ബംഗാളി, ആസ്സാമീസ് ഭാഷകളിൽ കൂടി ചോദ്യക്കടലാസ് ലഭ്യമാക്കാൻ അവസരം നൽകിയിരുന്നു. നീറ്റ് - 2017 ൽ ഒഡിയ, കന്നഡ എന്നീ രണ്ട് ഭാഷകൾ കൂടി ഉൾപ്പെടുത്തി ആകെ 10 പ്രാദേശിക ഭാഷകൾക്ക് അവസരം നൽകിയതായി സമിതി മനസ്സിലാക്കുന്നു.

48. നീറ്റ്-2017-ൽ മലയാളം ഉൾപ്പെടുത്താത്തത് യഥാസമയം ടി പ്രശ്നത്തിന്റെ ഗൗരവസ്വഭാവം മനസ്സിലാക്കി നടപടി സ്വീകരിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് സംഭവിച്ച ഗുരുതരമായ അനാസ്ഥമൂലമാണ് എന്ന് സമിതി വിലയിരുത്തുന്നു. കീം/നീറ്റ് പരീക്ഷ മലയാളത്തിലെഴുതാൻ താല്പര്യമുള്ള കേരളത്തിലെ വിദ്യാർത്ഥികൾക്ക് ചോദ്യക്കടലാസ് മലയാളത്തിൽ ലഭ്യമാക്കുവാൻ അവസരം നൽകേണ്ടതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ കീം/നീറ്റ് -2018-ൽ ചോദ്യപേപ്പർ മലയാളത്തിലും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. കോടതികളിലെ വ്യവഹാര ഭാഷയും ഭരണഭാഷയും മലയാളമാക്കുന്നതിൽ വേണ്ടത്ര പുരോഗതി കാണാത്തതിനാലും ആഭ്യന്തര, നിയമ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനുമായും സമിതി 2017 ഫെബ്രുവരി 7-ാം തീയതി ഈ വിഷയം സംബന്ധിച്ച് നിയമവകുപ്പിലെയും ആഭ്യന്തര വകുപ്പിലെയും ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുത്തിരുന്നു.

50. ഭരണം സാമാന്യജനത്തിന് മനസ്സിലാകുന്ന അവരുടെ സ്വന്തം ഭാഷയിലായിരിക്കണമെന്ന ഭരണഘടനാ ശില്പികളുടെ മനോഭാവവും അഭിപ്രായവും ആറ് പതിറ്റാണ്ടുകൾക്കുശേഷവും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല എന്നത് തികച്ചും ദുഃഖകരമാണെന്ന്

സമിതി അഭിപ്രായപ്പെടുന്നു. ലോകഭാഷയായി അംഗീകരിക്കപ്പെട്ടതാണെങ്കിലും നമ്മുടെ നാട്ടിലെ മഹാഭൂരിപക്ഷം ജനങ്ങൾക്കും മനസ്സിലാകാത്ത ആംഗലേയ ഭാഷയിൽ സംസ്ഥാനത്തെ കോടതികളിലെ ഭരണ നടപടികൾ തുടരുന്നുവെന്നത് ഭൂഷണമല്ല എന്ന് സമിതി കരുതുന്നു. 1984 മുതൽ സംസ്ഥാനത്തെ ഹൈക്കോടതിയുൾപ്പെടെയുള്ള എല്ലാ കോടതികളിലും വിധിന്യായങ്ങളും മറ്റ് നടപടികളും മലയാളത്തിലാക്കുവാൻ നയപരമായ തീരുമാനമെടുത്തുവെങ്കിലും ആഭ്യന്തര വകുപ്പുമായും നിയമവകുപ്പുമായും ഹൈക്കോടതി രജിസ്ട്രാറുമായും മുൻ സമിതികൾ ചർച്ച നടത്തിയെങ്കിലും ഈ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം ഈ നിർദ്ദേശം ആര് നടപ്പിലാക്കുമെന്നതു സംബന്ധിച്ച് ഇരുട്ടിൽ തപ്പുന്ന സമീപനമാണ് സ്വീകരിച്ചുകാണുന്നത് എന്ന് പറയേണ്ടിവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇതു നടപ്പിലാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള ഇച്ഛാശക്തിയുടെ അഭാവം പ്രകടമാണ് എന്ന് സമിതി നിരീക്ഷിക്കുന്നു.

51. കുറ്റവാളിയായി ശിക്ഷിക്കപ്പെടുന്ന ഒരാൾക്ക് വിധിന്യായം വായിച്ചുനോക്കി താൻ എന്തു കുറ്റത്തിനാണ് ശിക്ഷിക്കപ്പെട്ടത് എന്നറിയുവാനുള്ള മൗലികമായ അവകാശത്തിന്റെ നിഷേധമായേ ഇതിനെ സമിതിക്ക് വീക്ഷിക്കുവാൻ സാധിക്കുന്നുള്ളൂ. കേരളത്തിൽ വിവിധ വകുപ്പുകളിൽ ഭരണ ഭാഷ മലയാളമാക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്ന സാഹചര്യത്തിൽ കോടതികൾ ഇതിൽ നിന്ന് മുഖം തിരിച്ചുനിൽക്കുന്നതിൽ ഒരു ന്യായീകരണവുമില്ല. കീഴ്ക്കോടതികളിൽ നിന്നുമുള്ള വിധിന്യായങ്ങളിന്മേൽ അപ്പീലുകൾ ഹൈക്കോടതിയിലേക്ക് പോകുമ്പോൾ അവ പരിഭാഷപ്പെടുത്തേണ്ടിവരുമെന്നതാണ് പ്രധാന പ്രശ്നമായി ഉയർത്തിക്കാട്ടുന്നത്. എന്നാൽ എത്ര ശതമാനം കേസുകളിലാണ് അപ്പീൽ പോകേണ്ടിവരുന്നത് എന്നത് കണക്കിലെടുക്കുമ്പോൾ ഈ വാദത്തിന് വലിയ നീതീകരണമൊന്നും സമിതിക്ക് കണ്ടെത്തുവാനാകുന്നില്ല.

52. കീഴ്ക്കോടതികളിലെ വ്യവഹാരഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ഇതുവരെ തുടങ്ങിയിട്ടില്ലെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെടുകയും കോടതിഭാഷ മലയാളമാക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം കോടതി വിധികൾ മലയാളത്തിലാക്കുക എന്നതാണെന്ന് സമിതി മനസ്സിലാക്കുകയും ചെയ്യുന്നു. പരിഭാഷകരുടെ ഒരു പട്ടിക തയ്യാറാക്കുകയും, ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി വ്യവഹാരങ്ങളുടെ നോട്ടുകൾ, കുറിപ്പുകൾ എന്നിവയൊക്കെ മലയാളത്തിലാക്കുകയും ചെയ്യുന്ന പക്ഷം ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. മലയാളം ഔദ്യോഗികഭാഷയാക്കുന്നതിന്റെ ഉദ്ദേശ്യം തന്നെ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള ആശയവിനിമയം സുതാര്യമായി നടക്കണമെന്നുള്ളതാണെന്ന് സമിതി ഊന്നിപ്പറയുകയും ചെയ്യുന്നു. കോടതിഭാഷ മലയാളമാക്കുന്നതിനു നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്ന് കണ്ടെത്തിയ സമിതി കോടതി വിധിന്യായങ്ങൾക്ക് മലയാള പരിഭാഷ തയ്യാറാക്കുന്നത് മാത്രമായി ഭാഷാ മാറ്റ പുരോഗതിയെ

പരിമിതപ്പെടുത്തരുതെന്നും മറ്റ് വകുപ്പുകളിൽ നിന്നും മലയാളത്തിൽ നൽകുന്ന കത്തുകൾ കീഴ്ക്കോടതികളിൽ സ്വീകരിക്കുന്നില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ആയതിനാൽ ആഭ്യന്തര വകുപ്പ് മുൻകൈയെടുത്ത് കീഴ്ക്കോടതികളിലെ ഭാഷ മലയാളമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

53. കേരള ജുഡീഷ്യൽ അക്കാദമിയിൽ മജിസ്ട്രേറ്റുമാർക്ക് ഇപ്പോഴും നൽകുന്ന ഭാഷാ പരിശീലന പരിപാടിയിൽ കേസ് വാദമോ വിധിന്യായങ്ങളോ മലയാളത്തിൽ എഴുതുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടില്ലെന്നതിനാൽ അവരുടെ പരിശീലന പരിപാടിയുടെ പാഠ്യപദ്ധതി, വിദഗ്ദ്ധരെ ഉൾപ്പെടുത്തി പരിഷ്കരിക്കണമെന്നും ആയതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

54. എല്ലാ വകുപ്പുകളും പോലെ മലയാളം വ്യവഹാര ഭാഷയാക്കുക എന്നത് ജുഡീഷ്യറിക്കും ബാധകമാണെന്നും ആയതിനാൽ കോടതിഭാഷ മലയാളമാക്കുന്നതിന് നിയമവകുപ്പും ആഭ്യന്തര വകുപ്പും ഏകോപിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

55. പോലീസ് വകുപ്പിൽ പോസ്റ്റ് മോർട്ടം റിപ്പോർട്ട് മലയാളത്തിൽ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിനായി ഫോറൻസിക് വകുപ്പുമായും ആരോഗ്യ വകുപ്പുമായും സഹകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും നടപടികൾ സ്വീകരിക്കണമെന്നും, കോടതി ഭാഷയുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനെക്കുറിച്ച് വിജിലൻസ്, അഗ്നിരക്ഷാ സേന എന്നീ വകുപ്പുകളിൽ കൂടി പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഇ. എസ്. ബിജിമോൾ,

*അദ്ധ്യക്ഷ,*

*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 22.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.